പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 4702

23.07.2015-ലെ മറുപടിക്ക്

സർക്കാർ ഫണ്ടുകൾ

| | ചോദ്യം | ഉത്തരം |
|---|---|---|
| | ശ്രീ. ഇ. ചന്ദ്രശേഖരൻ | ബഹു: ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി ശ്രീ. കെ.എം. മാണി |
| (എ) | വിവിധ വകുപ്പുകളുടേയും പൊതു മേഖലാസ്ഥാനങ്ങളുടേയും ഫണ്ടുകൾ ട്രഷറിയിൽ നിക്ഷേപിക്കുന്ന സമ്പ്രദായത്തിൽ മാറ്റം വരുത്തിയിട്ടുണ്ടോ; | വിവിധ വകുപ്പുകൾക്കും ക്ഷേമനിധിബോർഡുകൾക്കും പൊതുമേഖലാ / സ്വയംഭരണ സ്ഥാപനങ്ങൾക്കും സർക്കാർ നൽകുന്ന ഫണ്ടുകൾ ട്രഷറിയിൽ നിക്ഷേപിക്കുന്ന സമ്പ്രദായത്തിൽ മാറ്റം വരുത്തിയിട്ടില്ല. ഇത്തരം ഫണ്ടുകൾ ട്രഷറിയിൽതന്നെ നിക്ഷേപിക്കണമെന്ന് സർക്കാർ കാലാകാലങ്ങളിൽ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. പൊതു മേഖലാസ്ഥാപനങ്ങൾ അവരുടെ തനത് ഫണ്ട്, ട്രഷറിയിലെ പലിശയേക്കാൾ കൂടുതൽ ലഭിക്കുന്ന സാഹചര്യത്തിൽ മാത്രമേ ബാങ്കുകളിൽ നിക്ഷേപിക്കാവുയെന്നും നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ബാങ്കിൽ നിക്ഷേപിച്ചിട്ടുള്ള സർക്കാർ ധനസഹായങ്ങളും ഫണ്ടുകളും തിരികെ ട്രഷറിയിൽ നിക്ഷേപിക്കണമെന്ന കർശന നിർദ്ദേശങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്. (സർക്കുലർ 31/2014/Fin dated 27.3.2014). |
| (ബി) | എങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ; | |
| (സി) | ട്രഷറികളിൽ വരേണ്ട പണം പുതിയ സമ്പ്രദായപ്രകാരം ബാങ്കുകളിലേയ്ക്ക് മാറ്റുന്നുണ്ടോ; | |
| (ഡി) | എങ്കിൽ എന്തുകൊണ്ടാണെന്നും ഇതിന്റെ ഗുണമെന്താണെന്നും വ്യക്തമാക്കാമോ? | |

സെക്ഷൻ ഓഫീസർ